(ഇ) ഭരണഘടനാ ബെഞ്ചിന്റെ 2014-ലെ വിധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ മനുഷ്യാവകാശ കമ്മീഷനെ സമീപിക്കുന്നതിന് പരിമിതികളുണ്ടെന്ന് നിയമവിദഗ്ദ്ധരുമായി നടത്തിയ ചർച്ചയിൽ അവർ അഭിപ്രായപ്പെട്ടിരുന്നു. അണക്കെട്ടിലെ ജലനിരപ്പ് ഉയർന്നുവന്ന സാഹചര്യത്തിൽ ഷട്ടറുകൾ തുറന്ന് ജലം പെരിയാറിലേക്ക് ഒഴുക്കിയ സാഹചര്യം മനുഷ്യാവകാശ ലംഘനത്തിന്റെ പരിധിയിൽ വരുന്ന പ്രശ്നമല്ലെന്നും നിയമവിദഗ്ദ്ധർ ചർച്ചാവേളയിൽ അറിയിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ പരാമർശ വിഷയവുമായി ബന്ധപ്പെട്ട് മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടലിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ജനങ്ങളുടെ സുരക്ഷയ്ക്കായി സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്ന സർക്കാർ നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് ഇക്കാര്യവും കൂടുതൽ പരിശോധനാ വിധേയമാക്കാനാണ് ഉദ്ദേശിക്കുന്നത്.

**ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം തൊഴിൽ നിയമപരിഷ്കരണം**

5(*65) ശ്രീ. കെ. എം. ഷാജി :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്താനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിൽ സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പുതിയ നിയമം തൊഴിൽ മേഖലയെ ഏതു വിധം സ്വാധീനിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നിയമ പരിഷ്കരണം തൊഴിൽ താല്പര്യങ്ങൾക്ക് ഹാനികരമാകാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ&ബി) ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്തുന്നതു സംബന്ധിച്ച വിഷയത്തിൽ വിവിധ സംസ്ഥാന തൊഴിൽ സെക്രട്ടറിമാരുമായി കേന്ദ്ര ലേബർ സെക്രട്ടറി ചർച്ച നടത്തിയിട്ടുണ്ട്. ഷോപ്പ് ആൻറ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നിലവിലില്ലാത്ത സംസ്ഥാനങ്ങൾക്കു വേണ്ടിയുള്ള ഒരു കരട് നിയമമാണ് കേന്ദ്രസർക്കാരിന്റെ പരിഗണനയിലുള്ളത്. ഇപ്പോൾ ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നിലവിലുള്ള സംസ്ഥാനങ്ങൾക്ക് ഇത് ബാധകമായിരിക്കുകയില്ല എന്നതാണ് ചർച്ചയിൽ കേന്ദ്രസർക്കാർ എടുത്തിരിക്കുന്ന നിലപാട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്ര സർക്കാരിന്റെ കരട് നിയമം പരിശോധിച്ചുവരുന്നു.

**മെഡിക്കൽ കോളേജുകൾ**

6(*66) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. ഇ. പി. ജയരാജൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച മെഡിക്കൽ കോളേജുകൾ ഏതൊക്കെ; അവയെല്ലാം നിലവിൽ വന്നിട്ടുണ്ടോ;

(ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡമനുസരിച്ച് ഓരോ മെഡിക്കൽ കോളേജും പ്രവർത്തിക്കുന്നതിന് സജ്ജമാക്കേണ്ട അടിസ്ഥാന സൗകര്യങ്ങളും ഫാക്കൽറ്റികളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത മെഡിക്കൽ കോളേജുകളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇനിയും ഒരുക്കുവാനുള്ളത്;

(ഡി) മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കാൻ, നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരെ പുതിയ മെഡിക്കൽ കോളേജുകളിലേക്ക് സ്ഥലംമാറ്റുന്ന അശാസ്ത്രീയ നടപടിമൂലം, നിലവിലുള്ള മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം താറുമാറാകുകയും രോഗികൾ ചികിത്സ ലഭിക്കാതെ വലയുകയും ചെയ്യുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അംഗീകാരം നേടിയെടുക്കുന്നതിന് നിലവിലുള്ള മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരെ തസ്തികയോടൊപ്പം മാറ്റിക്കൊണ്ടുപോകുന്ന നടപടി നിർത്തലാക്കാമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) മഞ്ചേരി, ഇടുക്കി, കോന്നി, കാസർഗോഡ്, വയനാട്, തിരുവനന്തപുരം, ആലപ്പുഴ (ഹരിപ്പാട്) എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുമെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ മഞ്ചേരിയിലും ഇടുക്കിയിലും മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോന്നിയിലും തിരുവനന്തപുരത്തുമുള്ള മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. 2016-17-ൽ അഡ്മിഷൻ നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കാസർഗോഡും ആലപ്പുഴയിലും (ഹരിപ്പാട്) പുതിയ മെഡിക്കൽ കോളേജുകൾക്കുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വയനാട് മെഡിക്കൽ കോളേജ്

LIBRARY ARCHIVES Kerala Legislative Assembly